നിറുത്തലാക്കാൻ ഉദ്ദേശിക്കുന്ന സ്കൂളുകൾ

* 35. [38] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത വിദ്യാലയ വർഷത്തിൽ സ്കൂളുകൾ നിറുത്തലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽ സർക്കാർ സ്കൂളുകൾ എത്ര ; പ്രൈവറ്റ് സ്കൂളുകൾ എത്ര ;

(സി) നിറുത്തലാക്കപ്പെടുന്ന സ്കൂളുകളിൽ എല്ലാംകൂടി എത്ര അദ്ധ്യാപകർ ഉണ്ട് ;

(ഡി) ഈ അദ്ധ്യാപകരെ എന്തുചെയ്യാനാണുദ്ദേശിക്കുന്നത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) സ്കൂളുകൾ ഒന്നുംതന്നെ നിറുത്തലാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

അബ്കാരി നിയമം

* 36. [39] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇന്നുള്ള അബ്കാരി നിയമം ഉണ്ടാക്കിയത് എന്നാണ് ;

(ബി) ഈ നിയമം അനുസരിച്ച് 1985-86 വർഷത്തിൽ സംസ്ഥാനത്ത് എത്ര കള്ള്, ചാരായ ഷാപ്പുകളും അവയുടെ ഉപഷാപ്പുകളും പ്രവർത്തിക്കുന്നുണ്ട് ;

(സി) 1986-87 വർഷത്തെ പുതുക്കിയ നിയമമനുസരിച്ച് മേൽപ്പറഞ്ഞവയിൽ എത്ര ഷാപ്പുകൾ നിറുത്തലാക്കും ;

(ഡി) അബ്കാരി നിയമം കാലോചിതമായി പരിഷ്ക്കരിക്കുവാൻ ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള അബ്കാരി നിയമം കൊല്ല വർഷം 1077-ാം ആണ്ടിലാണ് ഉണ്ടാക്കിയത്.

(ബി) 1985-86 വർഷത്തിൽ സംസ്ഥാനത്ത് 2,454 കള്ളുഷാപ്പുകളും 1,835 ചാരായഷാപ്പുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ഉപഷാപ്പുകളുടെ എണ്ണം ശേഖരിച്ചുവരുന്നു.

(സി) നിരോധിത ദൂരത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന മദ്യഷാപ്പുകൾക്ക് എക്സംപ്ഷൻ നൽകാൻ റവന്യൂ ബോർഡിന് നൽകിയ അധികാരം

LIBRARY ARCHIVES Kerala Legislative Assembly

1-4-1986 മുതൽ പിൻവലിച്ചിട്ടുണ്ട്. ഇതുമൂലം 1985-86-ൽ പ്രത്യേക അനുവാദത്തിൻമേൽ പ്രവർത്തിക്കുന്ന ഒരു ഷാപ്പും നിർത്തലാക്കേണ്ടിവരികയില്ല.

(ഡി) ഏതാനും ഭേദഗതികൾ ഇതിനകം വരുത്തിയിട്ടുണ്ട്. സമഗ്രമായ ഭേദഗതികൾ വരുത്തുന്നകാര്യം ഗവൺമെൻറിൻെറ പരിഗണനയിലാണ്.

പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി മരാമത്തുപണികൾക്ക് ലഭിച്ച തുക

* 37. [40] ശ്രീ. കെ. പി. എ. മജീദ് :
,, പി. എം. അബൂബേക്കർ :
,, മണിമംഗലത്ത് കുട്ട്യാലി :
,, തോപ്പിൽ രവി :
,, കെ. കെ. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക കെടുതികൾമൂലം കേടുപാടു സംഭവിച്ച റോഡുകളുടെ മരാമത്ത് പണികൾക്കായി കേന്ദ്രം അനുവദിച്ച തുകയെത്ര ;

(ബി) ഈ തുക വിനിയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായോ ;

(സി) ഇതിനായി 28-2-1986 വരെ ചെലവായ സംഖ്യ എത്ര ;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ പണികൾ പൂർത്തിയാക്കുമോ ;

(ഇ) പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി ലഭിച്ച സംഖ്യയിൽ നിന്നും എത്ര തുക റോഡുകളുടെ നിർമ്മാണത്തിനും റിപ്പയറിനുമായി ചെലവഴിച്ചു ;

(എഫ്) ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ജി) ആകെ അനുവദിച്ച തുകയിൽ ഇനി ബാക്കി തുകയെത്ര ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) 35.92 കോടി രൂപ.

(ബി) നടത്തുകയുണ്ടായി.

(സി) 2,66,12,068 രൂപ.

(ഡി) പണികൾ പൂർത്തിയാക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ഇ) 12,70,79,081 രൂപ.

(എഫ്) വ്യക്തമാക്കാം. കണക്കുകൾ താഴെ പറയും പ്രകാരമാണ് :—

ജില്ല	ചെലവാക്കിയ തുക (രൂപ)
തിരുവനന്തപുരം	91,71,147
കൊല്ലം	47,27,535
പത്തനംതിട്ട	61,14,721
ആലപ്പുഴ	93,11,145
കോട്ടയം	1,16,37,686

LIBRARY ARCHIVES Kerala Legislative Assembly